SUNDAY 25-09-2022 ഞായറാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ




## FARM INFORMATION BUREAU

AGRICULTURE DEVELOPMENT AND FARMER'S WELFARE DEPARTMENT

GOVERNMENT OF KERALA

Chief Editor : Suraj S. Editor : Dr. Saritha Vijayan K.

Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

## FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

# എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS)-25/09/2022.

1. പി എം കിസാൻ ഗുണഭോക്താക്കളായ കർഷകർക്ക് ഭൂമി സംബന്ധമായ വിവരങ്ങൾ, e-KYC എന്നിവ ചേർക്കുന്നതിനുള്ള സമയപരിധി സെപ്റ്റംബർ 30 വരെ നീട്ടി. സ്ഥലത്തിന്റെ ഉടമസ്ഥാവകാശം സ്വന്തം പേരിലുള്ള കർഷകർ സെപ്റ്റംബർ 30-നു മുൻപായി കൃഷിവകുപ്പിന്റെ എയിംസ് പോർട്ടൽ (www.aims.kerala.gov.in) മുഖേന സ്വന്തം പേരിലുള്ള ഭൂമിയുടെ വിവരങ്ങൾ ReLIS പോർട്ടലിൽ അടിയന്തിരമായി ചേർക്കേണ്ടതുണ്ട്. റവന്യൂ ഡിപ്പാർട്ട്മെന്റിന്റെ റവന്യൂ ലാൻഡ് ഇൻഫർമേഷൻ സിസ്റ്റം (ReLIS) പോർട്ടലിൽ സ്ഥലത്തിന്റെ ഉടമസ്ഥാവകാശം സംബന്ധിച്ച വിവരങ്ങൾ ഇപ്പോൾ ലഭ്യമല്ലാത്ത കർഷകർ ആയത് ഉൾപ്പെടുത്തുന്നതിന് വില്ലേജ് ഓഫീസുമായി ബന്ധപ്പെടേണ്ടതാണ്. എല്ലാ പി എം കിസാൻ ഗുണഭോക്താക്കളും സെപ്റ്റംബർ 30-നു മുൻപായി നേരിട്ട് pm-kisan പോർട്ടൽ വഴിയോ, അക്ഷയ, ഡിജിറ്റൽ സേവന കേന്ദ്രങ്ങൾ വഴിയോ eKYC പൂർത്തിയാക്കണം. സ്വന്തം കൃഷിഭൂമിയുടെ വിവരങ്ങൾ സമർപ്പിക്കൽ, eKYC നടപടിക്രമം എന്നിവ മേൽപ്പറഞ്ഞ സമയപരിധിക്കുള്ളിൽ പൂർത്തിയാകാത്ത ഗുണഭോക്താക്കൾക്കു പദ്ധതിയുടെ തുടർന്നുള്ള ആനുകൂല്യങ്ങൾ ലഭ്യമാകുന്നതല്ല. കൂടുതൽ വിവരങ്ങൾക്ക് കാർഷിക വിവര സങ്കേതം ടോൾഫ്രീ നമ്പർ **1800 -425 -1661** ലോ, പി എം കിസാൻ സംസ്ഥാന ഹെൽപ് ഡെസ്ക് നമ്പറായ **0471 – 2964022, 2304022** ലോ ബന്ധപ്പെടാവുന്നതാണ്.

2. നാളികേര വികസന ബോർഡിന്റെ നേര്യമംഗലത്തുള്ള വിത്തുൽപാദന പ്രദർശന തോട്ടത്തിൽ ഗുണമേന്മയുള്ള നാടൻ, കുറിയ ഇനം തെങ്ങിൻ തൈകൾ വിൽപനയ്ക്കു തയാറായിട്ടുണ്ട്. നാടൻ തൈ ഒന്നിന് 100 രൂപയും, കുള്ളൻ തൈ ഒന്നിന് 110 രൂപയുമാണ് വില. 10 തൈകൾ എങ്കിലും വാങ്ങുന്ന കർഷകർക്ക് സി.ഡി.ബിയുടെ തെങ്ങു പുതുകൃഷി പദ്ധതി പ്രകാരമുള്ള സബ്സിഡി ലഭിക്കുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് പ്രവൃത്തി ദിവസങ്ങളിൽ ഓഫീസുമായോ **0485 – 2254240** എന്ന ഫോൺ നമ്പരിലോ ബന്ധപ്പെടുക.

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

3. പാളയം സാഫല്യം കോംപ്ലക്സിൽ പ്രവർത്തിക്കുന്ന കൃഷിഭവനിൽ അത്യുത്പ്പാദന ശേഷിയുള്ള നാടൻ തെങ്ങിൻ തൈകൾ വില്പനയ്ക്കായി എത്തിച്ചേർന്നിട്ടുണ്ട്. ഒരെണ്ണത്തിന് 50 രൂപയാണ് വില. ആവശ്യമുള്ളവർ കൃഷി ഭവനുമായി ബന്ധപ്പെടണമെന്ന് കൃഷി ഫീൽഡ് ഓഫീസർ അറിയിച്ചു

4. ഞങ്ങളും കൃഷിയിലേക്ക് എന്ന വിഷയത്തെ ആസ്പദമാക്കി ഫാം ഇൻഫർമേഷൻ ബ്യൂറോ ഡിജിറ്റൽ വിഡിയോമത്സരം (നോൺ ചാനൽ വിഭാഗം, ടിവി ചാനൽ വിഭാഗം) ഡിജിറ്റൽ ഫോട്ടോഗ്രാഫി മത്സരം (ജനറൽ വിഭാഗം) എന്നിവയും ഹൈസ്കൂൾ ഹയർസെക്കൻഡറി സ്കൂൾ വിഭാഗം കുട്ടികൾക്കായി കാർഷിക ലേഖന രചന മത്സരം, കാർഷിക ചെറുകഥാ രചനാ മത്സരം എന്നിവയും സംഘടിപ്പിക്കുന്നു. എൻട്രികൾ ഈ മാസം 30-ന് (സെപ്റ്റംബർ 30) മുൻപായി **എഡിറ്റർ, കേരള കർഷകൻ, ഫാം ഇൻഫർമേഷൻ ബ്യൂറോ, കവടിയാർ, തിരുവനന്തപുരം-03** എന്ന മേൽവിലാസത്തിൽ ഹാർഡ് ഡിസ്ക്, പെൻഡ്രൈവ് വഴി നേരിട്ടോ അല്ലെങ്കിൽ fibshortfilmcontest@gmail.com എന്ന ഇ-മെയിലിലോ, **6238039997** എന്ന വാട്ട്സാപ്പ് നമ്പറിലോ, fibkerala എന്ന ഫേയ്സ്ബുക്ക് പേജിൽ മെസഞ്ചർ വഴിയോ അയക്കാവുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് **0471 2314358, 6238039997** എന്നീ ഫോൺ നമ്പറുകളിൽ ബന്ധപ്പെടാവുന്നതാണ്.

5. കുടപ്പനക്കുന്ന് പ്രാദേശിക കോഴി വളർത്തൽ കേന്ദ്രത്തിൽ ഒരു ദിവസം പ്രായമായ ഗ്രാമശ്രീ ഇനത്തിൽപ്പെട്ട പൂവൻ കുഞ്ഞുങ്ങൾ പത്ത് രൂപ നിരക്കിൽ ഈ മാസം 27-ന് (സെപ്റ്റംബർ 27) വിതരണം ചെയ്യുന്നു. കൂടുതൽ വിവരങ്ങൾക്ക് പ്രവൃത്തി ദിവസങ്ങളിൽ രാവിലെ 10 മുതൽ വൈകിട്ട് 04 മണി വരെ **0471 2730804** എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

6. റബ്ബറുത്പാദന പ്രോത്സാഹനപദ്ധതിയിൽ അംഗങ്ങളാകാത്ത കർഷകർക്ക് 2022 നവംബർ 30 വരെ രജിസ്റ്റർ ചെയ്യാൻ അവസരമുണ്ടായിരിക്കുന്നതാണ്. ഇതിനായി നിശ്ചിത ഫോറത്തിൽ അടുത്തുള്ള റബ്ബറുത്പാദക സംഘത്തിൽ അപേക്ഷ നൽകണം. അപേക്ഷയോടൊപ്പം അപേക്ഷകന്റെ ഫോട്ടോ, റബ്ബർ നിൽക്കുന്ന സ്ഥലത്തിന്റെ തന്നാണ്ട് കരം അടച്ച രസീത്, ബാങ്ക് പാസ്ബുക്കിന്റെ കോപ്പി എന്നിവയോടൊപ്പം ആധാർ കാർഡ്, പാൻ കാർഡ്, പാസ്പോർട്ട്, ഡ്രൈവിങ് ലൈസൻസ് എന്നിവയിൽ ഏതിന്റെയെങ്കിലും കോപ്പിയും ഹാജരാക്കണം. പദ്ധതിയിൽ നേരത്തെ രജിസ്റ്റർ ചെയ്തിട്ടുള്ളവർ

സ്ഥലത്തിന്റെ തന്നാണ്ട് കരമടച്ചതിന്റെ രസീത് ഹാജരാക്കി രജിസ്ട്രേഷൻ പുതുക്കേണ്ടതാണ്. പുതുതായി പദ്ധതിയിൽ ചേരുന്നവരുടെ, 2022 ജൂലൈ 01 മുതലുള്ള പർച്ചേസ്/സെയിൽസ് ബില്ലുകൾ മാത്രമേ സഹായധനത്തിന് പരിഗണിക്കുകയുള്ളൂ. കൂടുതൽ വിവരങ്ങൾക്ക് അടുത്തുള്ള റബ്ബർബോർഡ് ഓഫീസുമായോ **0481 2576622** എന്ന റബ്ബർബോർഡ് കോൾ സെന്റർ ഫോൺ നമ്പരുമായോ ബന്ധപ്പെടുക.

**പരിശീലന പരിപാടികൾ**

7. തൃശ്ശൂർ കൃഷി വിജ്ഞാന കേന്ദ്രത്തിൽ **ശാസ്ത്രീയ മണ്ണ് സംരക്ഷണ മുറകൾ, ശാസ്ത്രീയ വളപ്രയോഗം, കുരുമുളക് കൃഷി, തീറ്റപ്പുൽ കൃഷി, വീട്ടുവളപ്പിലെ ജൈവ മാലിന്യ സംരക്ഷണ മാർഗ്ഗങ്ങൾ, നഴ്സറി പരിപാലനം, പഴം – പച്ചക്കറി സംസ്ക്കരണം, കോഴി വളർത്തൽ, കൂൺ കൃഷി, പച്ചക്കറി കൃഷിയിലെ നല്ല കാർഷിക മുറകൾ** എന്നീ വിഷയങ്ങളിൽ പരിശീലനങ്ങൾ നൽകുന്നു. ഒരു ദിവസത്തെ പരിശീലന ഫീസ് 300/- രൂപ. താൽപര്യമുള്ളവർ **9400483754** എന്ന ഫോൺ നമ്പറിൽ രാവിലെ 10 മുതൽ 4 മണി വരെ വിളിച്ച് പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.

8. കഴക്കൂട്ടം ബയോടെക്നോളജി ആൻഡ് മോഡൽ ഫ്ളോറി കൾച്ചർ സെന്റർ നടത്തുന്ന ആറു മാസം ദൈർഘ്യമുള്ള പ്ലാന്റ് ടിഷ്യുകൾച്ചർ ടെക്നീഷ്യൻ സർട്ടിഫിക്കറ്റ് കോഴ്സിലേക്ക് 01.04.22 ൽ 35 വയസ്സിനു താഴെ പ്രായമുള്ള അഗ്രികൾച്ചർ / ബയോളജി /ബോട്ടണി വിഷയങ്ങളിൽ പ്ലസ് ടു /വി എച്ച് എസ് ഇ പാസായിട്ടുള്ളവരിൽ നിന്നും അപേക്ഷകൾ ക്ഷണിക്കുന്നു. ഒരു ബാച്ചിൽ ഇരുപത് പേർക്ക് മാത്രം പ്രവേശനം നൽകുന്ന കോഴ്സിന് ഫീസ് 4500 രൂപ യാണ്. കോഴ്സ് വിജയകരമായി പൂർത്തിയാക്കുന്നവർക്ക് പ്രതിമാസം 1500 രൂപ സ്റ്റൈപ്പൻന്റോടുകൂടി മൂന്നുമാസത്തേക്ക് അപ്രെന്റിസ്ഷിപ്പ് ട്രെയിനിങ്ങും നൽകുന്നതാണ് . അപേക്ഷാ ഫോമും പ്രോസ്പെക്ടസും ഒക്ടോബർ ഒന്ന് (1.10.2022) വരെ ഈ ഓഫീസിൽ നിന്നും രാവിലെ 10 മണി മുതൽ വൈകിട്ട് 4. 30 മണി വരെ നേരിട്ട് ലഭിക്കുന്നതാണ്. അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി ഒക്ടോബർ മൂന്ന് (03.10.2022) വൈകിട്ട് 5:00 മണി വരെ. കൂടുതൽ വിവരങ്ങൾക്ക് **0471 2413739, 9383470293, 9383470294** എന്നീ ഫോൺ നമ്പറുകളിലോ, അസിസ്റ്റന്റ് ഡയറക്ടർ ഓഫ് അഗ്രികൾച്ചർ, ബയോടെക്നോളജി ആൻഡ് മോഡൽ ഫ്ളോറി കൾച്ചർ

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

സെന്റർ, കഴക്കൂട്ടം, തിരുവനന്തപുരം 695 582 എന്ന മേൽവിലാസത്തിലോ, bmfctvm@yahoo.co.in എന്ന ഇ-മെയിൽ വിലാസത്തിലോ ബന്ധപ്പെടാവുന്നതാണ്.

**കാർഷിക നിർദ്ദേശങ്ങൾ**

9. മധുരക്കിഴങ്ങ് നടാൻ പറ്റിയ കാലമാണിത്. വിരിപ്പിനുശേഷം ഒരു പൂവ് കൃഷിചെയ്യുന്ന പാടങ്ങളിലും ഇത് നടാം. ശ്രീവർദ്ധിനി, ശ്രീനന്ദിനി, ശ്രീരത്ന, ശ്രീകനക എന്നിവ നല്ലയിനങ്ങളാണ്. തിരുവനന്തപുരത്തെ ശ്രീകാര്യം കിഴങ്ങുവിളഗവേഷണ കേന്ദ്രവുമായി ബന്ധപ്പെട്ടാൽ പുതിയ ഇനങ്ങളുടെ നടീൽവസ്തുക്കൾ കിട്ടും. നിലം ഉഴുത് നിരപ്പാക്കിയ ശേഷം രണ്ടടി അകലത്തിൽ, ഒരടി ഉയരത്തിൽ വാരങ്ങൾ എടുക്കുക. ഈ വാരങ്ങളിൽ 15 മുതൽ 20 സെ.മീ വരെ അകലത്തിൽ വള്ളിത്തലപ്പുകൾ നടാം. അടിവളമായി ഏക്കറിന് നാല് ടൺ കാലിവളവും, 33 കി.ഗ്രാം യൂറിയയും, 100 കി.ഗ്രാം മസ്സൂറിഫോസും, 50 കി.ഗ്രാം മ്യൂറേറ്റ്ഓഫ് പൊട്ടാഷും ചേർക്കണം. നാലോ അഞ്ചോ ആഴ്ച്ചകൾക്ക് ശേഷം 33 കി.ഗ്രാം യൂറിയ മേൽവളമായി നൽകണം. മഴയെ ആശ്രയിച്ച് കൃഷി ചെയ്യുമ്പോൾ, മഴ തീരെ കുറവാണെങ്കിൽ ആദ്യത്തെ പത്തു ദിവസം രണ്ട് ദിവസത്തിലൊരിക്കൽ നനച്ച് കൊടുക്കേണ്ടതാണ്.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം